# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *491

23-07-2015-ൽ മറുപടിക്ക്

## ഫാക്ടിന്റെ പുനരുദ്ധാരണ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരീഫ്<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഫാക്ടിന്റെ പുനരുദ്ധാരണ പാക്കേജിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ; | (എ) ഫാക്ടിന്റെ പുനരുദ്ധാരണം ലക്ഷ്യമാക്കി 991 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.ആർ.പി.എസ്.ഇ.) അംഗീകരിച്ച് മുൻ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. കേന്ദ്ര രാസവളം മന്ത്രാലയം ഈ പാക്കേജ് ശുപാർശ ചെയ്ത് ഫണ്ട് അനുവദിക്കുന്നതിനായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും, പാക്കേജിൻമേൽ ധനകാര്യ മന്ത്രാലയം സ്പഷ്ടീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ധനകാര്യ മന്ത്രാലയം ആവശ്യപ്പെട്ട സ്പഷ്ടീകരണം നൽകുവാൻ രാസവളം മന്ത്രാലയം നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഫാക്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ യഥാസമയം പ്രാവർത്തികമാകാത്തത് കാരണം ഫാക്ട് നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) ഫാക്ടിന് അനുവദിച്ച സാമ്പത്തിക പാക്കേജിന് അടിയന്തിര പ്രാധാന്യം നൽകി, കേന്ദ്ര സർക്കാരിന്റെ അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, മുഖ്യമന്ത്രി, 30/05/2014 ൽ പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. ഫാക്ടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്.<br><br>എൽ.എൻ.ജി.യുടെ കൊച്ചിയിലെ വില, മറ്റ് വിപണികളേക്കാൾ ഏതാണ്ട് ഇരട്ടിയോളമായിരുന്ന കാലയളവിൽ മുഖ്യമന്ത്രി ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി, പെട്രോളിയം പ്രകൃതി വാതക വകുപ്പ് മന്ത്രിക്ക് കത്ത് |

അയച്ചിരുന്നു. കൊച്ചിയിലെ എൽ.എൻ.ജി. യുടെ വില മറ്റ് വിപണികളിലെ വിലയുമായി ഏകീകരിക്കണമെന്നും, അതുവഴി, ഫാക്ടിന്റെ നഷ്ടം നികത്തുവാൻ സഹായിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര പെട്രോളിയം പ്രകൃതിവാതക വകുപ്പ് മന്ത്രിയ്ക്ക് മുഖ്യമന്ത്രി 15/07/2014 ലും കത്ത് അയച്ചിരുന്നു.

സമ്പൂർണ്ണ തകർച്ചയിൽ നിന്നും ഫാക്ടിനെ രക്ഷിക്കാൻ പൊതുമേഖലാ പുനരുദ്ധാരണ ബോർഡ് ശുപാർശ ചെയ്ത 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് അംഗീകരിച്ച് ഫണ്ട് അനുവദിക്കണമെന്നും പ്രകൃതി വാതകത്തിന്റെ അധിക വിലയ്ക്ക് കോമ്പൻസേഷൻ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം, കേരള നിയമസഭ 20/06/2014 ന് ഏകകണ്ഠമായി പാസ്സാക്കിയിരുന്നു. ഈ പ്രമേയത്തിന്റെ ഇംഗ്ലീഷ് പരിഭാഷ കേന്ദ്രസർക്കാരിന്റെ രാസവളം മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും, പ്രമേയത്തിൻമേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി സംസ്ഥാന സർക്കാരിനെ അറിയിക്കുവാൻ കേന്ദ്ര രാസവളം മന്ത്രാലയത്തിലെ ഡയറക്ടറോടും, കേരള റസിഡന്റ് കമ്മീഷണറോടും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ; | (സി) സാമ്പത്തിക പാക്കേജ് അംഗീകരിച്ച് ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) ഫാക്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിബന്ധനകൾ മുന്നോട്ടു വച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | (ഡി) ഇല്ല. |
| (ഇ) പ്രധാന പൊതുമേഖലാ സ്ഥാപനമായ ഫാക്ടിനെ സംരക്ഷിക്കുന്നതിന് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT യെ ആ സ്ഥാപനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് വിഭാവനം ചെയ്തിട്ടുള്ള 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജിന് എത്രയും വേഗം |

കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുന്നതിനും തുക അനുവദിക്കുന്നതിനും സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. FACT ന്റെ നിലനിൽപ്പിന് വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും ചെയ്യുവാൻ കഴിയുന്ന എല്ലാ സഹായവും സർക്കാർ FACT ന് നൽകിവരുന്നു.

ആർ.എൽ.എൻ.ജി.യ്ക്ക് മേലുള്ള 14% മൂല്യവർദ്ധിത നികുതി ഒഴിവാക്കിത്തരണമെന്നുള്ള ഫാക്ടിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, കമ്പനിക്കായി കേന്ദ്രസർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിയ്ക്ക് വിധേയമായി, അവർ വാങ്ങുന്ന എൽ.എൻ.ജി.യെ KVAT - ൽ നിന്നും ഒഴിവാക്കാൻ സംസ്ഥാന മന്ത്രിസഭ തത്വത്തിൽ തീരുമാനിക്കുകയും, ഇതിനെതുടർന്ന് സംസ്ഥാനത്ത് എൽ.എൻ.ജി.യുടെ എല്ലാ ഉപഭോക്താക്കൾക്കും അവർ വാങ്ങുന്ന എൽ.എൻ.ജി.യെ 01/04/2015 മുതൽ ഒരു വർഷത്തേക്ക് KVAT - ൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പെറ്റ്കോക്ക് ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി FACT യുടെ ഉപയോഗിക്കാതെ കിടക്കുന്ന 150 ഏക്കർ സ്ഥലം സൗജന്യമായി സംസ്ഥാന സർക്കാരിന് നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി FACT യ്ക്ക് സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയിൻമേൽ FACT യുടെ സംയുക്ത വ്യവസായിക സംരംഭങ്ങൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആവശ്യങ്ങൾക്കും ഭൂമി വിനിയോഗിക്കുന്നതിന് നിലവിലുള്ള കരാറുകളിൽ മാറ്റം വരുത്തി ഫ്രീഹോൾഡ് അനുമതി തത്വത്തിൽ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ